
# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 3 No:11
website: www.csikattakada.in
e-mail: csikattakada@gmail.com
ഏപ്രിൽ 2015



...നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു;
കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ...
യോഹ. 20:29


GOVT. OF INDIA
916 BIS
HALLMARKED JEWELLERY
നെയ്യാറ്റിൻകര
പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
ഷോപ്പിംഗ് അനുഭവം
Gold Park
കല്ല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം
എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ
ഏറ്റവും കുറഞ്ഞ പണിക്കൂലി
പെരേപ്പാടൻസ്
100% 916 ജ്വല്ലറി
ഗോൾഡ് പാർക്ക്
സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551
കൊട്ടാരക്കര Ph: 0474 - 3223637
നെടുമങ്ങാട് Ph: 0472 - 3201993
കരുനാഗപ്പള്ളി Ph: 0476 - 2624599
പയ്യന്നൂർ Ph: 0498 - 5208418
Head Office : Thrissur
ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

Vol: 3 No:11

ഏപ്രിൽ 2015



Website: www.csikattakada.in

E-mail: csikattakada@gmail.com

Phone: 0471-2290544, 0471-2293617


## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. കെ.പി. മോഹൻദാസ് | 9446330756 |
| റവ. ആർ.ഷിബു | 9495726850 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാസ്റ്റൻ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്


റവ.കെ.പി.മോഹൻദാസ്
റവ.ആർ.ഷിബു

ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡ്വൈസർ)

ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ

ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)


വിൽസ്രാജ് (കപ്യാർ) 9446564482

## ഉള്ളടക്കം


Pastor's view — 5
*റവ.കെ.പി.മോഹൻദാസ്*

ഉയിർപ്പിൻ സന്ദേശം — 7
*റവ.ഷിബു.ആർ*

പ്രധാന പ്രോഗ്രാമുകൾ — 9

രക്ഷകന്റെ സ്നേഹം — 12
*സത്യരെജി*

നാം എങ്ങോട്ട് — 13
*ശ്രീജിത്ത്.വി.ജെ*

വാർത്തകൾ, അറിയിപ്പുകൾ — 15


## ചർച്ച് ന്യൂസ് വരവ്-ചെലവ്

മാർച്ച് 2015

**വരവ്**

| | |
|---|---|
| പെരേഷാടൻസ് ഗോൾഡ് പാർക്ക് | 1500 |
| പി.ആർ.വില്യം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1000 |
| ശോഭനദാസ്, ഷൈൻസ് ഗാർഡൻസ് | 1000 |
| ഇ.വിജയരാജ്, ഗ്രേസ് ഡെയിൽ | 1000 |
| Dr.M.J.സെൽവദാസ്, നിത്യ | 1000 |
| പി.മിഖായേൽ, ജീനാകോട്ടേജ് | 500 |
| സാംസുലോ സാലിൻസ്ദാസ്,അരോമ | 500 |
| സ്റ്റീഫൻസൻ,നെടുവെത്താൻകുഴി | 200 |
| ആകെ വരവ് | 6700 |

**ചെലവ്**

| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 500 |
| പ്രിന്റിംഗ് | 7150 |
| ആകെ ചെലവ് | 7650 |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio


# എഡിറ്റോറിയൽ

പീഡാനുഭവത്തിലൂടെയും ക്രൂശുമരണത്തിലൂടെയും യേശു അർപ്പിച്ച ജീവന്റെ ബലി പ്രപഞ്ചത്തിന് പുതുജീവൻ നൽകുന്നു. ഈ ജീവന്റെ ഓഹരിക്കാരാകുന്നതിനുമാത്രമല്ല, ഈ ജീവന്റെ സംവേദകരാകാൻ കൂടി യേശു നമ്മോട് ആവശ്യപ്പെടുന്നു. അതിനു ദൈവം നൽകുന്ന ഉറപ്പ് ഈസ്റ്റർ പ്രഖ്യാപിക്കുന്ന ജീവന്റെ അനുഭവം തന്നെ.

സാമുദായികശക്തികളാൽ അടിച്ചമർത്തപ്പെട്ടിരുന്ന ഒരുജനതയ്ക്ക് സ്വാതന്ത്ര്യബോധം നൽകി അടിമച്ചങ്ങല പൊട്ടിച്ചെറിയാൻ മുന്നിൽ നിന്ന മിഷണറിമാരെയും പൂർവ്വപിതാക്കന്മാരെയും ഒരിക്കൽക്കൂടി നന്ദിയോടെ 159-ാം സഭാദിനത്തിൽ നമുക്ക് സ്മരിക്കാം.

ജനാധിപത്യത്തിൽ ധാർമ്മികതയുടെ സ്ഥാനം കാറ്റിൽപ്പറത്തി ഒരുഭാഗവും, നീതിന്യായസംഹിതകളുടെ ബാലപാഠങ്ങൾപോലും മറന്നുള്ള അക്രമാസക്തമായ പ്രകടനങ്ങൾ മറുഭാഗത്തും കാണുമ്പോൾ വീണ്ടും അടിമത്തത്തിലേക്കല്ലേ പോകുന്നത് എന്നുതോന്നിപ്പോകും.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്. ഡി




## ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ

**6.4.2015 (തിങ്കൾ)** ഷാൻരാജ്.സി.ഡി, ദീപാകോട്ടേജ്

**15.4.2015 (ബുധൻ)** ഷിജി.ജി, പ്രശാന്ത് ഭവൻ

| വരവ് – ചെലവ് ഫെബ്രുവരി 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 246069 | 118212 | 17889 | 124397 | 62220 |
| ചെലവ് | 233444 | 87520 | 10083 | 37100 | 49296 |
| നീക്കിയിരിപ്പ് | 12625 | 30692 | 7806 | 87297 | 12924 |
| അധികചെലവ് | – | – | – | – | – |



*Pastor's view*

കർത്താവിൽ പ്രിയ സ്നേഹിതരെ,

ഏപ്രിൽ മാസം ആരംഭിക്കുന്നത് സർവ്വലോക വിഡ്ഢി ദിനത്തോടെയാണ്. ഈ ദിനത്തിന്റെ പ്രാധാന്യമെന്താണെന്നും ഇതിന്റെ പിന്നിലെ ചരിത്രമെന്തെന്നും അറിയുവാൻ ഞാൻ ശ്രമിച്ചിട്ടില്ല. എന്നാൽ മറ്റുള്ളവരെ വിഡ്ഢികളാക്കി സ്വയം മിടുക്കന്മാരാകാൻ ചിലർ ആവേശം കാട്ടുന്ന ദിവസമാണിതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. അപരൻ വിഡ്ഢിയായി തരംതാഴ്ത്തപ്പെടുമ്പോൾ അവൻ അനുഭവിക്കേണ്ടിവരുന്ന മാനസിക വ്യഥ തിരിച്ചറിയുവാൻ ആരും താല്പര്യം കാണിക്കാറില്ല. മാത്രമല്ല വിഡ്ഢിത്തം വിളമ്പുന്നതിലൂടെ ചില സാഹചര്യങ്ങളിലെങ്കിലും അവർ വിഡ്ഢികളായിത്തീരുന്നതും അറിയാറില്ല. അതിനാൽ ഏപ്രിൽ ഒന്നാം തീയതിയുള്ള പരമ്പരാഗതമായ പ്രവർത്തനത്തെക്കുറിച്ച് ഒരു സ്വയം പരിശോധന നടത്തുന്നത് നല്ലതാണ്. ദൈവവചനം പ്രബോധിപ്പിക്കുന്നത് പോലെ വിഡ്ഢിത്തം പറഞ്ഞ് സഹോദരനെ വിഡ്ഢിയാക്കാതെയും സ്വയം വിഡ്ഢിയാകാതെയും മാന്യമായ ജീവിതം നയിക്കുവാൻ നമുക്ക് ശ്രമിക്കാം.

ക്രിസ്തുവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന നാളുകളാണ് ഈ മാസത്തിലുള്ളത്. മാർച്ച് 29 ഹോശന്നാ ഞായർ ആചരണത്തോടെ നാം വിശുദ്ധവാരത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഈ ധന്യദിനങ്ങളിലെ പീഡാനുഭവധ്യാനങ്ങൾ വിശ്വാസികളുടെയും സഭയുടെയും സുപ്രധാനവിഷയമാണ്. ആയതിനാൽ, ഈ വിശുദ്ധവാരത്തിലെ ഓരോ ദിവസവും,നിമിഷവും കാൽവരിയിലുയർത്തപ്പെട്ട കുരിശിന്റെ തണലിൽ വസിക്കുവാനും കഷ്ടാനുഭവചിന്തകളിലൂടെ ക്രൂശിന്റെ ദർശനം ഉൾക്കൊണ്ട് അർത്ഥവത്തായ ജീവിതം നയിക്കുവാനും ക്രൂശിതനായ ക്രിസ്തുനാഥൻ നമ്മെ സഹായിക്കട്ടെ.

ഏപ്രിൽ 4 മുതൽ 12 വരെയാണ് ഈ വർഷത്തെ വി.ബി.എസ്. ഒരു വർഷത്തെ സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം വീണുകിട്ടുന്ന ഈ ചെറിയ ഇടവേളയിൽ കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ക്രിസ്തുനാഥന്റെ പാദപീഠത്തിങ്കൽ ശാന്തമായിരുന്ന് തിരുവചനം പഠിച്ച് വളരുവാൻ നമ്മുടെ കുഞ്ഞുങ്ങളെ ദൈവം ഒരുക്കട്ടെ. മാതാപിതാക്കളുടെ ആത്മാർത്ഥമായ പിന്തുണയും സണ്ടേസ്കൂൾ അദ്ധ്യാപകരുടെ സത്യസന്ധമായ സേവനവും വി.ബി.എസിന്റെ വിജയത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നു.

യഹൂദാ ജനത്തെപ്പോലെ വിവിധ തരത്തിലുള്ള വെല്ലുവിളികളെ അതിജീവിച്ച് മുന്നേറുന്ന ഒരു സമൂഹമാണ് എസ്.ഐ.യു.സി സമൂഹം. കാലാകാലങ്ങളിൽ ദൈവം നൽകുന്ന നന്മകൾ നമ്മുടെ അവകാശമായി സംരക്ഷിച്ചനുഭവിക്കേണ്ടതാണ്. എന്നാൽ ചില ഛിദ്ര ശക്തികൾ ആ അവകാശങ്ങളെ അട്ടിമറിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നത് നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും ശോഭനമായ ഭാവിക്കും ഭീഷണിയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി, ഈ മാസം 28-ാം തീയതി ഉച്ചയ്ക്ക് 2 മണിമുതൽ തിരുവനന്തപുരത്തെ എൽ.എം.എസ്. കോമ്പൗണ്ടിൽ നടക്കുന്ന എസ്.ഐ.യു.സി. സംഗമത്തിലും അവകാശ സംരക്ഷണ റാലിയിലും എല്ലാ സഭാജനങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ മാസം വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരെയും, ജന്മനാൾ, വിവാഹദിനം എന്നിവ ആഘോഷിക്കുന്നവരെയും ദൈവം അനുഗ്രഹിക്കട്ടെ. വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്നവരെയും ദൈവം ബലപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പ്രാർത്ഥന:** കർത്താവേ, അങ്ങ് ഞങ്ങൾക്കായി ക്രൂശിൽ അനുഭവിച്ച പങ്കപ്പാടുകളെ ഓർത്ത് കരയുവാനല്ല, അങ്ങയോടൊപ്പം ക്രൂശിക്കപ്പെടുവാൻ ഞങ്ങളെ അനുവദിക്കേണമേ. ആമേൻ

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ,

**മോഹൻദാസച്ചൻ.**

## ആദരാഞ്ജലികൾ



**യേശുദാസ്**

തിരുമംഗലത്ത്, ചെമ്പകത്തിൻമൂട്


**മരണം: 26.3.2015**




**നെൽസി**

പുളിമൂട്ടുകോണം

**മരണം: 26.3.2015**





റവ. ഷിബു ആർ

# ഉയിർപ്പിൻ സന്ദേശം

വീണ്ടും ഒരു ഉയിർപ്പിൻ ഉത്സവം സമാഗതമാകുകയാണല്ലോ. മൃതാവസ്ഥയിൽ നിന്നും അമർത്യതയിലേക്കും, അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും അജ്ഞതയിൽ നിന്നും വിജ്ഞാനത്തിലേക്കും, നിരാശയിൽ നിന്നും പ്രത്യാശയിലേക്കും യുക്തിചിന്തയിൽ നിന്നും വിശ്വാസത്തിലേക്കുമുള്ള മനുഷ്യന്റെ പ്രയാണമാണ് ഉത്ഥാനം വിളിച്ചോതുന്നത്. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കും ശാസ്ത്രസത്യങ്ങൾക്കും അതീതമായി കർത്താവ് ഉയിർത്തിരിക്കുന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നുള്ള വിടുതലാണ് പുനരുത്ഥാനം സംവേദനം ചെയ്യുന്നത്. ആദാമിലൂടെ പാപവും ക്രിസ്തുവിലൂടെ ജീവനും സാധ്യമാകുന്നു(1 കൊരി. 15:21, റോമ.5:21).

മരണശേഷം എന്ത് എന്നതിന് വ്യക്തമായ ഉത്തരം നൽകുന്നത് പുനരുത്ഥാനമാണ്. മരണാനന്തരം ഒരു മനുഷ്യൻ നിഴൽപോലെ ഷിയോളിൽ(പാതാളം) കഴിയുന്നു എന്നതായിരുന്നു ആദ്യകാല ചിന്ത(സങ്കീ. 6:5). ശരീരത്തിന്റെ പുനരുത്ഥാനത്തെ മക്കാബിയർ (2 മക്ക. 7:9, 12:43-45, 14:46) അംഗീകരിച്ചിരുന്നു. പരീശപക്ഷവും, എസ്സീന്യവിഭാഗവും, കുംറാൻ സമൂഹവും പുനരുത്ഥാനത്തെ അംഗീകരിച്ചപ്പോൾ സദൂക്യർ നിഷേധിക്കുകയാണുണ്ടായത്(മർ.12:18, അപ്പൊ.23:8). ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ നിഷേധിക്കുന്നവർക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ തെളിവ് ക്രിസ്തീയ സഭയുടെ ഉത്ഭവവും നിലനിൽപ്പുമാണ്.

മനുഷ്യനെ അടിച്ചമർത്തുന്ന സാമൂഹികഘടനകളുടെ തടങ്കൽപാറകളെ മാറ്റുന്നത് ഉയിർപ്പിലൂടെയാണ്(ഉദാ: കല്ലുരുട്ടിമാറ്റി). ഇത് അവഗണിക്കപ്പെട്ടവരെ ഉയർത്തുന്നതിന്റെ പ്രതീകമാണ്. ഉയിർത്ത കർത്താവ് ആദ്യം പ്രത്യക്ഷപ്പെടുന്നത് സ്ത്രീകൾക്കാണ്; രണ്ട് മറിയകൾക്കും (മത്താ.28:1), മഗ്ദലനമറിയ, ശലോമ, യാക്കോബിന്റെ അമ്മ മറിയ(മർ.16:1), മഗ്ദലക്കാരത്തി മറിയയെ കൂടാതെ ശലോമയ്ക്കുപകരം യോഹന്നയും, മറ്റുസ്ത്രീകളും (ലൂക്കോ.24:10). യോഹന്നാനിൽ മഗ്ദലന മറിയയ്ക്ക് മാത്രമായും(20:1) പ്രത്യക്ഷനായി. സമൂഹത്തിൽ നിലനിന്നിരുന്ന സ്ത്രീകളോടും അരികുവത്കൃതരോടുമുള്ള അടിച്ചമർത്തൽ ഘടനകൾക്കെതിരെയുള്ള വെല്ലുവിളിയാണ് പ്രസ്തുത സംഭവം.

സൻഹദ്രീൻ സംഘം യേശുവിന്റെ മൃതശരീരം, ശിഷ്യന്മാർ ഉത്ഥാനകഥ സാധൂകരിക്കുന്നതിനായി പടയാളികൾക്ക് പണം നൽകി കവർന്നുകൊണ്ടുപോയെന്നാരോപിച്ചു. എന്നാൽ സത്യത്തെ അധികകാലം മൂടിവയ്ക്കാനാകില്ലെന്ന വസ്തുത ഉയിർപ്പ് കാട്ടിത്തന്നു.

ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നമ്മുടെ പ്രസംഗവും വിശ്വാസവും വ്യർത്ഥമാണ്. (1കൊരി 15:14) മരണാനന്തര ജീവിതത്തിനൊരുത്തരമാണ് പുനരുത്ഥാനം. കഷ്ടതയ്ക്കതീതമായി ഒരു സന്തോഷാനുഭവമുണ്ടെന്ന് തെളിയിക്കുന്നതാണ് ഉയിർപ്പ്. ദൈവശാസ്ത്രകാരനായ സമാർത്ഥയുടെ അഭിപ്രായത്തിൽ "ഓരോ ഉയിർപ്പിനു പിന്നിലും ഒരു ക്രൂശീകരണമുണ്ട്. ഓരോ ക്രൂശീകരണാനന്തരം ഒരു പുനരുത്ഥാനമുണ്ട്." മനുഷ്യർ ഏൽപ്പിക്കുന്ന പീഡനങ്ങൾക്ക് നമ്മെ നിത്യമായി തടഞ്ഞുനിർത്താനാവില്ല. ലോകദൃഷ്ടിയിൽ മരിച്ചവർ ഉയിർക്കുന്നത് അസാധ്യമെങ്കിലും ഒരു വിശ്വാസിയുടെ കാഴ്ചയിൽ അത് സാധ്യമാണ്.

ഉയിർപ്പ് പ്രവചനങ്ങളുടെ നിവൃത്തിയാണ്(മത്താ. 26:32, മർ. 14:28). യേശുവിന്റെ മരണം മുൻനിർണ്ണയപ്രകാരമുള്ളതും ജ്ഞാനികൾക്കു വെളിപ്പെട്ടതുമാണ്. വിദ്വാന്മാർ പൈതലായ യേശുവിന് മൂര് (ശവശരീരങ്ങൾ കേടുകൂടാതെയിരിക്കുവാൻ ഉപയോഗിക്കുന്ന ഒരു സുഗന്ധദ്രവ്യം) കാഴ്ചവയ്ക്കുന്നത് അവൻ ക്രൂശീകരിക്കപ്പെടും എന്നതിന്റെ മുൻകുറിയാണ്. ക്രൂശീകരണാനന്തരം ചിതറിയ ശിഷ്യസമൂഹത്തെ ഒന്നിപ്പിച്ചു നിർത്തിയത് പുനരുത്ഥാനമാണ്. അതിനാൽ ഉയിർപ്പ് നൽകുന്ന മറ്റൊരു സന്ദേശം കാലദേശ സംസ്ക്കാര വ്യത്യാസങ്ങൾക്കതീതമായി നാം ഒരുമയോടെ നിൽക്കണമെന്നാണ്. ഇത്തരുണത്തിൽ ജീവനെ പരിപോഷിപ്പിക്കുന്ന, അടിച്ചമർത്തുന്ന, മൃത്യുവിന്റെ ശക്തികളെ വെല്ലുവിളിക്കുന്ന, ദുർബലരെ ഉയർത്തുന്ന, സത്യത്തെ തുറന്നുകാട്ടുന്ന, പ്രതിസന്ധികൾക്കതീതമായി ഒരു ഉയിർപ്പ് മുന്നിലുണ്ടെന്ന, പ്രത്യാശയുളവാക്കുന്ന ഒരുമയുടെ ഒരായിരം ഈസ്റ്റർ ആശംസകൾ നേർന്നുകൊള്ളുന്നു. ○


**സി.എസ്.ഐ വൈ.എഫ്**

**സംഘടിപ്പിക്കുന്ന**

## ഈസ്റ്റർ ലക്കിഡ്രിപ്പ്

നറുക്കെടുപ്പ് തീയതി: 19.4.2015, 10.30 am

**ഒന്നാം സമ്മാനം** LCD ടി.വി

**2-ാം സമ്മാനം:** അലമാര

**3-ാം സമ്മാനം:** ഗ്രൈന്റർ

**4-ാം സമ്മാനം:** ഹോം തീയേറ്റർ

**5-ാം സമ്മാനം:** ഇൻഡക്ഷൻ കുക്കർ

കൂടാതെ 300-ൽപരം സമ്മാനങ്ങൾ.
കൂപ്പണുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്.

കൺവീനർ: ബിനോയ്.ആർ.ജോഫ്രി





## 2015 April 4-12

സ്ഥലം : സി.എസ്.ഐ.കാട്ടാക്കട

സമയം : രാവിലെ 8.30 മുതൽ 12.30 വരെ

ചിന്താവിഷയം : **പുതിയൊരു ഹൃദയം**

വി.ബി.എസ്. ലീഡർ: ശ്രീ.നിബിൻ Evgt.



എല്ലാ കുഞ്ഞുങ്ങളെയും
വി.ബി.എസ്സിലേക്ക്
ക്ഷണിക്കുന്നു

❖ രജി:ഫീസ് - 50 രൂപ




# പ്രധാന പ്രോഗ്രാമുകൾ
## ഏപ്രിൽ 2015

| | | | | |
|---|---|---|---|---|
| 2 | വ്യാഴം | 7.00 | PM | പെസഹവ്യാഴ ആരാധന, തിരുവത്താഴ ശുശ്രൂഷ |
| 3 | വെള്ളി | 8.00 | AM | ദുഃഖവെള്ളി പ്രഭാത ആരാധന |
| | | 10.00 AM - 2.00 PM | | ഉപവാസ ആരാധന |
| | | 2.30 | PM | കുരിശിലെ ധ്യാനം-ആരാധന |
| 4 | ശനി - 12 ഞായർ | | | *വി.ബി.എസ്* (ദിവസവും രാവിലെ 8.30 മുതൽ 12.30 വരെ) |
| 5 | ഞായർ | 2.00 | AM | **സി.ഇ.വൈ.എഫ് ഈസ്റ്റർ സന്ദേശം** |
| | | 5.30 | AM | **ഈസ്റ്റർ ഘോഷയാത്ര** |
| | | 8.00 | AM | ഈസ്റ്റർ ആരാധന |
| 9 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 12 | ഞായർ | 8.00 | AM | ഞായർ ആരാധന |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശോഭനദാസ്, ഷൈൻസ് ഗാർഡൻസ്) |
| 14 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| | | 1.20 | PM | എസ്.ഐ.യു.സി വിളംബര ജാഥ - സ്വീകരണം |
| 16 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 18 | ശനി | 9.30 | AM | **ഉപവാസ ആരാധന** |
| 19 | ഞായർ | 8.00 | AM | ഞായർ ആരാധന |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 3.30 | PM | ഡിസ്ട്രിക്ട് കൗൺസിൽ |
| | | 6.30 | PM | ഭവനാരാധന |
| 23 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 26 | ഞായർ | 8.00 | AM | **സഭാദിനാഘോഷം-സ്തോത്രാരാധന** |
| 28 | ചൊവ്വ | 2.00 | PM | എസ്.ഐ.യു.സി സംഗമവും അവകാശ സംരക്ഷണ റാലിയും (തിരുവനന്തപുരം) |
| 30 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

പുഷ്പലീല - ഗീതം
ശശികുമാർ - നിനി നിവാസ്
ഡി. മിഖായേൽ - ഷൈൻ നിവാസ്
മേഴ്സി റോബർട്ട് - റോം
രാജു - പൂഞ്ഞാംകോട്
ജയകുമാർ ആർ- കുമാർ ബിൽഡിംഗ്സ്
ഷൈൻരാജ് സി. ഡി. - ദീപാകോട്ടേജ്
മേഴ്സിബായ് - ലാൽ ഭവൻ
മേബൽ ജാസ്മിൻ റ്റീച്ചർ - മനീഷ
സോമൻ വൈ. - കിള്ളി
ആൻസി വിജയ് - വിജയഭവൻ
റൈറ്റസ് റ്റീച്ചർ - ഗിരിഭവൻ
സിനിമോൾ എസ്. - ഗ്രേസ് നിവാസ്
അപർണ്ണ - ജയഭവൻ
ഇവാഞ്ചലിൻ - ദർശന
ഷീന - പുലിയൂർക്കോണം
സത്യരാജ് റ്റി. എൽ. - ലീലാഭവൻ
അനുഗ്രഹ പ്രശാന്ത് - ദീപം
ശരണ്യ എസ്. പി. - പുഷ്പവിലാസം
ഡാളി - പ്ലാങ്കാലക്കോണം
ജോയ് - അരുവിമുഖം
ഹേമ എസ്. - അക്ഷയ
ഷെറിൻ - ഒറ്റപ്ലാവിള
ജീന വൈ. ജെ. - ചോലയിൽ
അഭിരാമി - മനീഷ
അനുഗ്രഹ എസ്.ജോൺ- ജെ.ജെ.ഭവൻ
നിർമ്മല - അരുവിമുഖം
ഐഡാ സെലിൻ - സുനിതാ ഭവൻ
സുരദാസ് - ചാമവിള
ജലജാ ഫ്ളോറൻസ്- അഖിലാഗാർഡൻസ്
നന്ദു ഡി. എസ്. - പണയിൽ വീട്
കെ. ഗിൽബർട്ട് - മശിഹാ ഭവൻ
എസ്. ബിജു - നിഖിൽ നിവാസ്
മാർക്കോസ് - എം. എസ്. ഭവൻ
രഞ്ജു - ലീലാ ഭവൻ
ബൈജുകുമാർ എം.ആർ- ജ്ഞാനഭവൻ
രത്നാബായ് - കുഴലാർ
ആൻ സ്മിത - സ്മിതാ ഭവൻ
എ. ക്രിസ്റ്റൽ ജോയ് റ്റീച്ചർ - പ്ലാവിള
ഷെർളി ആർ. - ബി. കെ. വിലാസം
സുദിൻ ജി. റോയ് - മെശിഹാഭവൻ
W.S . ഷെറി - വി. എസ്. ഗാർഡൻ
റീജാ റാണി - ഇലംപ്ലാഞ്ഞിവീട്
രാജേന്ദ്രൻ - ലിജോഭവൻ
ലത ആസ്റ്റിൻ - ഗ്രേസ് ലാന്റ്
ജലജ - അരുവിമുഖം
റോസമ്മ - ആനന്ദവിലാസം, കാന്തള
ലോയിസ് - ചിഞ്ചു ഭവൻ, പുതുവക്കൽ
അമൽ പി. എം. - പാരഗൺഹൗസ്
വിമലാഭായി - തുരുമ്പാട്
തപസിമുത്തു - ഷാജിഭവൻ
ജോസ് - എം. എസ്. ഭവൻ, ചാമവിള
എസ്. പ്രമോദ് - പൂഞ്ഞാംകോട്
പ്രദീപ് എസ്. - പൂഞ്ഞാംകോട്
ആൽവിൻ- ലാലി ഭവൻ, മൂങ്ങോട്
അനുപമ - ലാലി ഭവൻ, മൂങ്ങോട്
അനന്തു അനിൽ - ചാരുപാറ
ബാലകൃഷ്ണൻ - ബി. കെ. വിലാസം
അജയകുമാർ - ഒമേഗ ഭവൻ, കാന്തള
തുളസി - ഞാറവിള
അഞ്ജിത പി- ഒമേഗഭവൻ, കൈതക്കോണം
ചിഞ്ചു - ഏറെ മണിയൻകോട്
ഷീജ - ജി. കെ. ഭവൻ, കൈതക്കോണം
വാൾട്ടർ - ചോലയിൽ
അഭി ആൽഫ്രഡ് - അഭിരാമം
സുനിൽ - ചാമവിള
സെൽവദാസ് - കൃപാഭവൻ
ഡെയിസി എൽ. - എസ്. എം. കോട്ടേജ്
ലീലാ തങ്കം - കൊല്ലം വിളാകം
നിവ്യ വിജയൻ - ഗീതം, കുഴലാർ
സോജിൻ - എസ്. എസ്. ഭവൻ
കമലാബായ് - പ്രദീപ് മന്ദിരം
ഓമന - ബഥനി, കരിയൻകോട്
മേരിവത്സല - നിനി നിവാസ്


ജിജിൻ ദാസ് - ലിറ്റിൽ ഹൗസ്
പ്രേംജിത് വില്യം - കരുണാനിവാസ്
രാഹുൽ - ഗിലെയാദ്, കുഴലാർ
അജൂതാര - താരാ ഭവൻ
വീണാ എസ്. മോഹൻ - അനുപമ
വൈ. സിന്ധു - ശാരദ നിലയം
എസ്തർ - ജി. കെ. ഭവൻ
ജസ്റ്റിൻജോയി - ചാമവിള
ഷിജിൻജോൺ - കുഴിവിള
അഖില ആർ. ജെ. - അഖില ഗാർഡൻസ്
അഖില എ. എസ്. - ജി. കെ. ഭവൻ
അന്ന പി. വില്യംസ് - ദീപം
ആരോമൽ - താരാഭവൻ
സത്യദാസ് - പ്ലാവിള
നെൽസൻ - അയണിവിള
അഞ്ചു എസ്. വിൽഫ്രഡ് - കാക്കമുകൾ
അഞ്ജന എൻ. ബി. - നിഖിൽ നിവാസ്
ശരത് തോമസ് - ഗ്രേസ് നിവാസ്
വിനോദ് രാജ് - കൊല്ലം വിളാകം
ജിനു ജെ. ആർ - പ്ലാങ്കാലവിളാകം
ജയലത റ്റീച്ചർ - ലിസ്ബത്ത്
വിജയകുമാരി - ചാമവിള
ഉഷ - ഷീനാഭവൻ
ജിഷ എസ്. കെ - ജിനു നിവാസ്
രമ്യ - സുമൻ കോട്ടേജ്
ഷൈനു ആർ. എസ് - ഏബെൻ ഏസെർ
മനോജ് വൈ. - ചാരുപാറ
ഗോഡ്‌വിൻ ദാസ് - ലിറ്റിൽ ഹൗസ്
ദേവരാജ് - കൊല്ലം വിളാകം
അഖിന - കുഴലാർ
ആനിരാജ് - ആനിഹൗസ്
ജോർജ്ജ് സുരേഷ് - ചാമവിള
സനു എസ്. രാജ് - തോട്ടമ്പറ
പ്രവീൺ വി. പി. - ഗ്രേസ്ഡെയിൽ
വിൽഫ്രഡ് റ്റി. - ആലമുക്ക്
ഡി. എസ്. ടിബീന - പ്രദീപ് നിലയം
നിർമ്മലാജാസ്മിൻ - നിർമ്മലാകോട്ടേജ്
ശാലിനി - വാനറത്തല
മെറ്റിൽഡ റ്റീച്ചർ - ലളിതാകോട്ടേജ്
ജയപ്രകാശ് - ജയഭവൻ
സ്റ്റീഫൻസൻ - അനീഷാ നിവാസ്
കുമാരിഷാന്റി - എൽബഥേൽ
സരിത - ലീലാകോട്ടേജ്
മോഹൻദാസ് - സീയോൻ
അന്ന സ്റ്റിൽവിൻ - പ്രശാന്ത്
രമ്യ - കുഴിവിള
തോംസൺ - കരിച്ചാറുവിള
റോസമ്മ - കോട്ടൈക്കോണം
ഷീബ - പാലേലി
സുരേഷ്കുമാർ - തോട്ടമ്പറ
ശാലു - പൂഞ്ഞാംകോട്
അനൂപ് പി. - ഭവിത
ദീപ്തി ഗ്ലാസ്റ്റൻ - നിഷാന്ത്
വിശാലം എഡ്വേർഡ് - സിയോൻ
രത്നരാജ് റ്റീച്ചർ - ഡയിൽസ് ഭവൻ
എ. എസ്. അനൂപ് - ചാമവിള
സുഗുണൻ പി. - കുളത്തോട്ടുമല
ലിനോയ് എൽ. - ലാൽ ഭവൻ
അഞ്ജന എ.എസ്.പ്രദീപം - പ്രദീപ് നിവാസ്
റ്റി.എസ്. ജയരാജ് റ്റീച്ചർ- ഗ്രേസ് നിവാസ്
ഗോഡ്‌വിൻ - രാജേഷ് ഭവൻ
സരോജം ബി. - പുലിയൂർക്കോണം
പുഷ്പബായ് - പ്രശാന്ത് കോട്ടേജ്
ജി. ആൻസലം - ജി. കെ. ഭവൻ

Best Wishes
സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി

# രക്ഷകന്റെ സ്നേഹം



സത്യരെജി.ജി.എസ്



രക്ഷകന്റെ നിറഞ്ഞ സ്നേഹം
എന്റെ ഉള്ളത്തെ തണുപ്പിക്കുന്നു.
നിന്റെ സന്നിധിയിൽ എത്തുവോളവും
ആത്മാവിൽ എന്നെ നിറയ്ക്കേണമേ

(1)

മനം തകർന്നിടുമ്പോൾ
താങ്ങുന്ന കരം
ക്ലേശങ്ങൾ വന്നിടുമ്പോൾ
മാർവ്വിലണയ്ക്കുന്ന തിരുകരം
രക്ഷകാ - ആത്മാവിൽ എന്നെ നിറയ്ക്കേണമേ

(2) (രക്ഷകന്റെ)

രാവുകൾ വന്നിടുമ്പോൾ
നിൻ കൃപയാൽ നടത്തുന്നു
പാതകൾ കടന്നിടുമ്പോൾ
വൻ കൃപയാൽ നടത്തുന്നു
രക്ഷകാ - ആത്മാവിൽ എന്നെ നിറയ്ക്കേണമേ

(3) (രക്ഷകന്റെ)

വല്ലഭാ നിൻ പൊൻകരം
എന്റെ ഉള്ളത്തിൽ വന്നിടുമ്പോൾ
നിത്യതയിൽ എത്തുവോളവും
പൊൻകരം എന്നെ നടത്തണേ
രക്ഷകാ - ആത്മാവിൽ എന്നെ നിറയ്ക്കേണമേ


(രക്ഷകന്റെ)





റവ.ജോസഫ് അംബ്രോസ്
& ഫാമിലി

ശേഖേന, ഉറിയാക്കോട്



ശ്രീജിത്ത്.വി.ജെ

# നാം എങ്ങോട്ട്...?

ഒരു സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ് കുടുംബമാണ്. കുടുംബം നന്നായാൽ വ്യക്തിയും, വ്യക്തി നന്നായാൽ കുടുംബവും നന്നായി എന്നാണ് നാം പലപ്പോഴും പറയാറുള്ളത്. മുതിർന്നവരുടെ വാക്കുകൾ ശ്രദ്ധാപൂർവ്വവും വളരെ ക്ഷമയോടും കൂടെ കേട്ട് അവരെ അനുസരിക്കാൻ വ്യഗ്രത കാട്ടിയിരുന്ന ഒരു സമൂഹമായിരുന്നു ഇന്നലെ വരെ നമ്മുടേത്. കുടുംബത്തിലെ അമ്മയെ അമ്മയായും, സഹോദരിയെ സഹോദരിയായും, ചേട്ടത്തിയെ ചേട്ടത്തിയായും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന സമൂഹം. സ്വന്തം കുടുംബത്തിലെ അംഗങ്ങളെപോലെ അയൽക്കാരേയും സ്നേഹിതരേയും കണ്ടിരുന്ന ഒരു സമൂഹം. എന്നാൽ കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്ക് കാലം വഴിമാറിയപ്പോൾ 'ഞാനും എന്റെ കുടുംബവും' (അഥവാ സ്വന്തം കാര്യം സിന്ദാബാദ്) എന്ന സങ്കുചിത മനോഭാവവും വളർന്നുവന്നു. അയൽക്കാരന്റെ വീട്ടിൽ ഒരു ആപത്ത് സംഭവിച്ചാൽ 'എനിക്കെന്താ അത് അവന്റെ വീട്ടിലല്ലേ സംഭവിച്ചത്? അവൻ അത് അർഹിക്കുന്നു' എന്ന് ചിന്തിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഒരു നിമിഷം ഓർക്കുക സുഹൃത്തേ, ആ ആപത്ത് എന്റെ വീട്ടിലാണ് സംഭവിച്ചത് എങ്കിലോ?

നാം കേരളീയർ സാക്ഷരതയിലും ജീവിത സൗകര്യങ്ങളിലും മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും വളരെ മുന്നിലാണ്. ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു; "ഗുരോ ഈ ലോകത്ത് തെറ്റുചെയ്യാത്തവർ ആരുണ്ട്?" ഈ ചോദ്യം കേട്ടപ്പോൾ ഗുരു പുഞ്ചിരിച്ചുകൊണ്ട് ഉത്തരം നൽകി; "അറിവില്ലാത്തവരാണ് ഈ ലോകത്തിൽ തെറ്റൊന്നും ചെയ്യാത്തത്". ഈ ഉത്തരം ശിഷ്യനെ കൂടുതൽ ചിന്താകുലനാക്കി. ശിഷ്യൻ ചോദിച്ചു; "ഗുരോ ഇതെങ്ങനെ ശരിയാകും?" അപ്പോൾ ഗുരു മറുപടി കൊടുത്തു. "ശിഷ്യാ, അറിവില്ലാത്തവന് അവൻ ചെയ്യുന്നത് തെറ്റോ ശരിയോ എന്ന തിരിച്ചറിവില്ല. അറിവുള്ളവന് മാത്രമേ തന്റെ പ്രവൃത്തി ശരിയോ തെറ്റോ എന്ന് മനസിലാക്കാൻ സാധിക്കുകയുള്ളൂ". തെറ്റ് മനുഷ്യസഹജമാണ്. എന്നാൽ തെറ്റിന്റെ അളവ് ഒരു പരിധിവരെ കുറയ്ക്കാൻ അറിവ് സഹായിക്കും. നമ്മുടെ മനസിലെ അഥവാ ജീവിതത്തിലെ ഓരോ പ്രശ്നങ്ങൾക്കും

നാം പരിഹാരം കാണുന്നത് നാം നേടിയ അറിവ് അടിസ്ഥാനമാക്കിയാണ്. അന്ധകാര മാകുന്ന അജ്ഞതയിലെ ഒരു മെഴുകുതിരി വെട്ടമാണ് വിജ്ഞാനം. നാം സ്വായത്തമാക്കിയ അറിവ് സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താനുള്ളതാണ്. ഒരു സമൂഹത്തിൽ ജീവിക്കുന്നിടത്തോളം കാലം നമുക്ക് ആ സമൂഹത്തോട് പ്രതിബദ്ധതയുണ്ട്. ഒട്ടനവധി ത്യാഗം സഹിച്ചാണ് അറിവ് നേടാനുള്ള അവകാശം നവോത്ഥാന നായകൻമാർ നമുക്ക് നേടിത്തന്നത്. സുസ്ഥിരവും നന്മ നിറഞ്ഞതുമായ ഒരു സമൂഹ നിർമ്മിതിയാണ് അവർ ലക്ഷ്യമിട്ടത്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? ഓരോരുത്തരും അറിവ് സമ്പാദിച്ച് ജോലി നേടുന്നു. സ്വന്തം കാര്യം നോക്കി ജീവിക്കുന്നു എന്നതിലപ്പുറം ആരും ഒന്നും ചിന്തിക്കുന്നില്ല. മഹാന്മാരുടെ സ്വപ്നങ്ങൾ സ്വപ്നങ്ങളായി അവശേഷിക്കുന്നു. നാം ഇത്രയും കാലം ഈ ഭൂമിയിൽ ജീവിച്ചു; അന്യന് വേണ്ടി നാം എന്തു ചെയ്തു? ഒരുദിവസം ഒരാളെയെങ്കിലും എനിക്ക് സഹായിക്കുവാൻ കഴിഞ്ഞോ? ഒരാൾക്കെങ്കിലും സന്തോഷം പകരുവാൻ കഴിഞ്ഞോ?

നാശത്തിന്റെ പടുകുഴിയിലേക്ക് താണുകൊണ്ടിരിക്കുന്ന ഈ സമൂഹത്തെ തിരിച്ചറിവിലേക്ക് നയിക്കാൻ പുനരുത്ഥാന സ്മരണ പുതുക്കുന്ന ഈ ദിനങ്ങളിൽ നമുക്ക് തീരുമാനമെടുക്കാം. അന്യന്റെ ദുഃഖവും പ്രതിസന്ധിയും പ്രയാസങ്ങളും അന്യന്റേതായി മാത്രം കാണാതെ നമുക്കും പങ്കാളികളാകാം. മാറ്റം വ്യക്തികളിൽ നിന്ന് തുടങ്ങാം. വ്യക്തി സമൂഹത്തെ മാറ്റും; സമൂഹം ദേശത്തെ മാറ്റും; ദേശം രാജ്യത്തെ മാറ്റും. മാറേണ്ടത് നാമും നമ്മുടെ ചിന്തകളുമാണ്. ○

---




## 159-ാം സഭാദിനാഘോഷം

**26.4.2015 ഞായറാഴ്ച രാവിലെ 8.00 മണി**

ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണ് തുറന്നിരിക്കുകയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും. 2 ദിന. 7:15

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

05.04.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്
12.04.2015 - ശ്രീ. വിൽസ് രാജ് & ഫാമിലി, ഷീനാഭവൻ
19.04.2015 - ശ്രീ. ഗമാലിയേൽ & ഫാമിലി, ഇമ്മാനുവേൽ
26.04.2015 - ശ്രീ. സെൽവദാസ് & ഫാമിലി, ഗ്രേസ് ഗാർഡൻ

## സഭാവാർത്തകൾ

☞ 22-3-2015 ഞായറാഴ്ച 3 മണിക്ക് 7 സഭാശുശ്രൂഷകർക്ക് റൈറ്റ്.റവ.എ.ധർമ്മരാജ് റസാലം തിരുമേനിയുടെ കാർമ്മികത്വത്തിൽ നമ്മുടെ സഭയിൽവെച്ച് സ്ഥാനവസ്ത്രം നൽകൽ ശുശ്രൂഷ നടത്തുകയുണ്ടായി.

☞ 22-3-2015 ഞായർ ആരാധനയിൽ മോസ്റ്റ്.റവ.ഡോ.ജെ.ഡബ്ല്യു.ഗ്ലാഡ്സ്റ്റൻ തിരുമേനി വിശിഷ്ടാതിഥിയായിരുന്നു. അന്നേദിവസം 7 കുഞ്ഞുങ്ങൾ സ്നാനശുശ്രൂഷയിലൂടെ സഭാംഗങ്ങളാക്കപ്പെട്ടു.

☞ മഹായിടവകയുടെ നേതൃത്വത്തിൽ 10-3-2015 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ കാട്ടാക്കട ഏര്യാ സീനിയർ സിറ്റിസൺസ് മീറ്റിംഗ് നടത്തുകയുണ്ടായി. റവ.എഡിസൻ അച്ചൻ മുഖ്യാതിഥിയായിരുന്നു. ഇതിൽ 90-ഓളം പേർ പങ്കെടുത്തു.

☞ 29.3.2015 രാവിലെ ഹോശന്ന ഞായർ ആരാധനയ്ക്കുമുമ്പായി കുരുത്തോലയുമേന്തിയുള്ള റാലി നടത്തുകയുണ്ടായി. ധാരാളം സഭാജനങ്ങൾ ഇതിൽ പങ്കെടുത്തു.

## എസ്.ഐ.യു.സി

എസ്.ഐ.യു.സി കാട്ടാക്കട ശാഖാകൺവീനറായി ശ്രീ.ഇ.വിജയരാജ്, ഗ്രേസ്ഡെയിലിനെ തെരഞ്ഞെടുത്തു. വാർഡുതല കൺവീനർമാരായി ചുവടെ ചേർക്കുന്ന വ്യക്തികളെ ചുമതലപ്പെടുത്തി. സർവ്വശ്രീ.

1-ാം വാർഡ് : സ്കിന്നർവാട്സ്, പീസ്‌വില്ല
2-ാം വാർഡ് : രാജൻ, ഗിലെയാദ്
3-ാം വാർഡ് : നെൽസൻ, ജി.കെ.ഭവൻ
4-ാം വാർഡ് : അനിത.ബി, ചാമവിള
5-ാം വാർഡ് : വി.കെ.ആൻസലം, ശാരോൻ
6-ാം വാർഡ് : രാജു.ഇ, ലിറ്റിൽ ഭവൻ
7-ാം വാർഡ് : വിജയദാസ്, വി.എസ്.ഭവൻ
8-ാം വാർഡ് : അനീഷ്.എ.ആർ, ചിന്താഭവൻ
9-ാം വാർഡ് : വിനോജ്.ഡി.സാരസം, സാരസംഹൗസ്
10-ാം വാർഡ്: മോഹൻദാസ്, അനുപമ
11-ാം വാർഡ് : സുനി.എസ്, ഞാറവിള

## വാർഡ് കൺവെൻഷൻ

8-ാം ഭാഗത്തെ വാർഡ് കൺവെൻഷൻ 1.3.2015 ഞായറാഴ്ച പുതുവക്കൽ നെൽസ് ഭവനിൽ വച്ച് നടത്തുകയുണ്ടായി. മുൻ മഹായിടവക സെക്രട്ടറി ശ്രീ.ഡി.സത്യദാസ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ.രാജൻ പുന്നാവൂർ പ്രസംഗിച്ചു. ഈ കൺവെൻഷന്റെ വാർഡ് കൺവീനറായി ശ്രീ.ജോയൽ സുധാകർ പ്രവർത്തിക്കുകയുണ്ടായി.

## പാലിയേറ്റീവ് കെയർ

2015 ഫെബ്രുവരി മാസം 42 പേർക്ക് 748 രൂപ ചെലവുവരുന്ന ഭക്ഷണകിറ്റ് നൽകി. കൂടാതെ

1000 രൂപ വീതം 5 പേർക്കും 700 രൂപ ഒരാൾക്കും 500 രൂപ വീതം 18 പേർക്കും 250 രൂപ വീതം 6 പേർക്കും നൽകി. ഈ പ്രവർത്തനങ്ങൾക്ക് എല്ലാസഭാജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## പുവർഫണ്ട്

☞ 2015 ഫെബ്രുവരി മാസം 28 പേർക്ക് 250 രൂപവീതം പെൻഷൻ നൽകുകയും കൂടാതെ വിദ്യാഭ്യാസ സഹായവും, ചികിത്സാസഹായം എന്നിവയും നൽകുകയുണ്ടായി.

## സണ്ടേസ്കൂൾ

☞ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്ക് 8 ആട്ടിൻകുട്ടി, 1 പോത്ത്, 67 കോഴി എന്നിവ വിതരണം ചെയ്തു.

☞ 50-ഓളം കുട്ടികൾ അണിനിരക്കുന്ന ഈസ്റ്റർദിന സംഗീതപരിപാടി 5.4.2015 ഞായറാഴ്ച ആരാധനാമധ്യേ നടത്തുന്നു.

☞ സണ്ടേസ്കൂളിന്റെ ആദ്യത്തെ യൂണിറ്റ് ടെസ്റ്റ് 26.4.2015 ഞായറാഴ്ച രാവിലെ 10 മണിക്ക് നടത്തുകയാണ്. എല്ലാ കുഞ്ഞുങ്ങളും ഇതിലേക്കായി ഒരുങ്ങേണ്ടതാണ്.

## ബാലജനസഖ്യം

☞ ശ്രീമതി.ജനറ്റ്ദാസ്, ശ്രീമതി.സുനിതകുമാരി, ശ്രീമതി.ലാജി.എസ്.എ എന്നിവർ വിവിധ ഗ്രേഡുകളിലെ അദ്ധ്യാപകരായി പ്രവർത്തിച്ചുവരുന്നു.

☞ ബാലജനസഖ്യാംഗങ്ങൾക്ക് പഠനത്തിനും വിനോദത്തിനുമുതകുന്ന കഥാപുസ്തകങ്ങൾ എല്ലാ ആഴ്ചയിലും നൽകിവരുന്നു. ഈ വർഷം കോഴിവളർത്തൽ പദ്ധതിയിൽ 36 കോഴിക്കുഞ്ഞുങ്ങൾ

☞ 1.3.2015 -ലെ സംഘടനാരാധനയിൽ Studets for Christ എന്ന ടീമിന്റെ പപ്പറ്റ്ഷോ നടത്തുകയുണ്ടായി.

☞ മാർച്ച് മാസം ലഘുഭക്ഷണം നൽകിയവർ:

8.3.2015 – **ശ്രീമതി. സിൽവി, കുന്നുവിള** (ജന്മദിനം പ്രമാണിച്ച്)
15.3.2015 – **വിദ്യ.എസ്.എസ്, S.S.ഭവൻ** (ജന്മദിനം പ്രമാണിച്ച്)
22.3.2015 – **ശ്രീ. അനിൽറോയ്, ഡി.എസ്.വില്ല & ഫാമിലി**
29.3.2015 – **മിലൻ.ആർ.ബിനു, പ്രശാന്ത്, കഞ്ചിയൂർക്കോണം** (ജന്മദിനം പ്രമാണിച്ച്)

## വിളംബര ജാഥ കാട്ടാക്കടയിൽ

എസ്.ഐ.യു.സി സംഗമ റാലിയോടനുബന്ധിച്ച് കാട്ടാക്കട ഏര്യാ വിളംബരജാഥ 14.4.2015 ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.20-ന് കാട്ടാക്കട സി.എസ്.ഐ. ചർച്ചിൽ എത്തിച്ചേരുന്നു. അഭിവന്ദ്യ ബിഷപ്പ് റൈറ്റ്.റവ. എ.ധർമ്മരാജ് റസ്സാലം തിരുമേനി ഉദ്ഘാടനം ചെയ്യുന്ന വിളംബര ജാഥ മഹായിടവക സെക്രട്ടറി ശ്രീ.ഡി.ലോറൻസ് നയിക്കുന്നു.

എല്ലാ സഭാജനങ്ങളും ജാഥയെ സ്വീകരിക്കാൻ അന്നേദിവസം സഭാങ്കണത്തിൽ എത്തിച്ചേരുവാൻ അഭ്യർത്ഥിക്കുന്നു.

# വിവാഹവാർഷികാശംസകൾ

| | | |
|---|---|---|
| ജാവർട്ട് ജീവത്സൻ - റോസ് ആൻസലം | - | തൃപ്തി |
| ദാസ് ടീച്ചർ - ക്രിസ്റ്റൽ ലീല ടീച്ചർ | - | ആൽഫ |
| ദാസ് - ഗ്രേസി ജനറ്റ് | - | പാലേലി |
| സത്യകുമാർ - സെലിൻ ജോർജ്ജ് | - | കോട്ടാക്കുഴി |
| റോബർട്ട് - ലില്ലി | - | അലക്സ് ഭവൻ |
| ബനറ്റ് - മുല്ലസ്സി | - | ചാമവിള |
| യേശുദാസൻ - പുഷ്പ വനജ | - | ചാമവിള |
| ഷില്ലർ ജോൺസ് - ജിജി | - | കൃപ |
| റോബർട്ട് വി. കെ. - മേഴ്സി റോബർട്ട് | - | റോം |
| ജെ. ക്രിസ്റ്റഫർ - നിർമ്മല | - | റോസ് ഗാർഡൻ |
| ആന്റണി - ലളിത | - | കാന്തള |
| ഗമാലിയേൽ - റോസമ്മ | - | ഇമ്മാനുവേൽ |
| സുനിൽകുമാർ - ബീന | - | അഖിൽ ഭവൻ |
| ജസ്റ്റിൻജോൺ - ജയകുമാരി | - | കുഴിവിള |
| ജോൺസൻ - കെസിയാൾ | - | കുഴിവിള |
| സത്യദാസ് - സുനലത | - | പുല്ലുവിളാകം |
| വിത്സ്‌രാജ് - ഉഷ | - | ഷീനാ ഭവൻ |
| സെൽവദാസ് - സുനിതകുമാരി | - | ഗ്രേഡ് ഗാർഡൻ |
| വേലുക്കുട്ടി - സ്വർണ്ണമ്മ | - | നീർവാളക്കുഴി |
| അജിത്കുമാർ - മേരികുഞ്ഞ് | - | അജിത്കോട്ടേജ് |
| സുകുമാരൻ - സരോജം | - | പുലിയൂർക്കോണം |
| നെത്സൻ - എസ്തർ | - | ജി. കെ. ഭവൻ |
| മോഹൻദാസ് - വീണാമോഹൻ | - | അനുപമ |
| തങ്കരാജ് - രാജം | - | താരാഭവൻ |
| ബൻസൻ റ്റി. ഡാനിയേൽ-സൗമ്യാഡേവിഡ് | - | ഗിരിഭവൻ |
| പുഷ്പരാജ് - സൗമ്യ | - | പുഷ്പവിലാസം,ചാമവിള |
| ഷെർജിൻ - സുജ | - | എസ്. എം. കോട്ടേജ് |
| സുനിൽകുമാർ - അനിത | - | ചാമവിള |
| ഗോഡ്വിൻ ജോർജ്ജ് - ജയദേവി | - | ബഥേൽഹൗസ് |
| വിത്സ്‌രാജ് - ഷീജ | - | ജയിഡാവിലാസം |
| വിപിൻ - ഷീജാറാണി | - | രമ്യ |
| അനിൽകുമാർ - ഷീജ | - | എ. കെ. നിവാസ് |
| സിമ്മിരാജ് ടീച്ചർ- നിമാമോഹൻ | - | സുകൃതി |
| പ്രസാദ് - പ്രീത | - | അരുവിമുഖം |
| ഗിരീഷ് - ഡോ: ബിനി | - | ജി. കെ. ഭവൻ |
| ഫ്രാങ്ക്ളിൻ - ശ്രീകല | - | തച്ചൻകോട് |
| ഡോ:പ്രകാശ് ജി. വില്യം - ആഭ | - | ദീപം |
| അരുൺസെൽവനേശൻ-ലിയാജയകുമാർ | - | ഉഷസ് |
| ബൈജു - വിദ്യമോൾ | - | പാലേലി |
| അലക്സ് - പ്രിജിമോൾ | - | അലക്സ് ഭവൻ |
| ബൈജുകുമാർ - റീജ | - | ജ്ഞാനഭവൻ |
| പ്രദീപ് - സിജി | - | ചാമവിള |
| സുരേഷ്കുമാർ - സുനിതകുമാരി | - | നിലാവ് |
| സുരേഷ് - സുമിതാകുമാരി | - | സുരേഷ് ഭവൻ |

# എസ്.ഐ.യു.സി സംഗമവും

## അവകാശ സംരക്ഷണ റാലിയും

**2015 ഏപ്രിൽ 28 ചൊവ്വാഴ്ച 2 പി.എം**

തിരുവനന്തപുരം



റൈറ്റ്.റവ.എ.ധർമ്മരാജ് റസാലം
ചെയർമാൻ
SIUC ഉന്നതാധികാര സമിതി



ശ്രീ.ഡി.ലോറൻസ്
ജനറൽ കൺവീനർ
SIUC ഉന്നതാധികാര സമിതി

സ്വാതന്ത്ര്യവും മനുഷ്യാവകാശവും നിഷേധിക്കപ്പെട്ട്
സവർണ്ണാധിപത്യം കൊടുമ്പിരിക്കൊണ്ടിരുന്ന നാളുകളിൽ
അരവയർ നിറയ്ക്കാൻ ഊഴിയവേല ചെയ്ത്
കണ്ണീരും വിയർപ്പും ഒന്നാക്കിമാറ്റി
പ്രാർത്ഥനയാൽ നമ്മുടെ പൂർവ്വപിതാക്കൾ
നേടിയെടുത്തതിന്റെ
ബാക്കിപത്രമാണ് നാമിന്ന് അനുഭവിക്കുന്ന
എല്ലാ നന്മകളും..
അവർ അന്ന് നിശബ്ദരായിരുന്നുവെങ്കിൽ
അടിച്ചമർത്തലിൽ ഞെരിഞ്ഞമർക്കപ്പെട്ട്
നമ്മുടെ സമൂഹം എന്നേ നശിക്കുമായിരുന്നു.
നൂറ്റാണ്ടുകൾക്ക് മുമ്പ് മിഷണറിമാർ
തുടങ്ങിവച്ച സാമൂഹിക പരിഷ്കരണത്തിലൂടെ
നമുക്ക് ലഭിച്ച നിലവിലുള്ള അവകാശങ്ങൾ
സംരക്ഷിക്കേണ്ടത് ഭാവി തലമുറയോടുള്ള
ബാദ്ധ്യതയാണ്.... കരുതലാണ്...
അതുകൊണ്ടുതന്നെ ഇതിൽ പങ്കെടുക്കുന്നതിനായി
നിങ്ങൾ മാറ്റിവയ്ക്കുന്ന നിമിഷങ്ങൾ
നിങ്ങൾക്കുവേണ്ടിയുള്ളതല്ല,
ഭാവി തലമുറയ്ക്കായിട്ടുള്ളതാണ്..
ഈ സ്തോത്ര സംഗമത്തിൽ ഒന്നായി അണിചേരാം..
അഭിമാനത്തോടെ പറയാം - മരണത്തിന്റെ ചങ്ങലകൾ
പൊട്ടിച്ചെറിഞ്ഞ് ഉയിർത്തെഴുന്നേറ്റ ജീവനുള്ള
ക്രിസ്തുവാണ് നമ്മുടെ നായകൻ.

**പങ്കെടുക്കുക... അണിചേരുക..**

ഇടവക കമ്മിറ്റി, സി.എസ്.ഐ.കാട്ടാക്കട

## അനുമോദനങ്ങൾ



**സ്കിന്നർ വാട്സ്**
പീസ് വില്ല
കാട്ടാക്കട ഏര്യാ സണ്ടേസ്കൂൾ
സെക്രട്ടറിയായി തെരഞ്ഞെടുത്തു.



**പ്രമോദ്. സി. വി**
റാണിഭവൻ
കാട്ടാക്കട ഡിസ്ട്രിക്ട് സണ്ടേസ്കൂൾ
സെക്രട്ടറിയായി തെരഞ്ഞെടുത്തു.



**ഇ. വിജയരാജ്**
ഗ്രേസ് ഡെയിൽ
SIUC കാട്ടാക്കട ഭാഗം
കൺവീനറായി തെരഞ്ഞെടുത്തു.



**ജിജോ. ജെ. സുധാകർ**
സുനു ഗാർഡൻസ്
Army Public School-ൽ നിന്നും
ഇൻഫോസിസിൽ Catch them Young
പ്രോഗ്രാമിലേക്ക് തെരഞ്ഞെടുത്തു.



**ആശ. ഇ. വി**
സീയോൻ
തുറമുഖ വകുപ്പിൽ
ഫീൽഡ് അസിസ്റ്റന്റായി PSC
നിയമനം ലഭിച്ചു.

## ദൃശ്യങ്ങൾ



കുരുത്തോലപ്രദക്ഷിണം



സ്ഥാനവസ്ത്രം നൽകൽ ശുശ്രൂഷ



വാർഡ്കൺവെൻഷൻ



ശിശുസ്നാനം



# വേർപാടിന്റെ 13-ാം വർഷം
(17-04-2002)

## ഡി. മേഴ്സിബായി

### എം.എസ്.കോട്ടേജ്, കാക്കമുകൾ



ദുഃഖസ്മരണകളോടെ,
ഡെന്നിസൻ,
ശോഭനദാസ് & ഫാമിലി, എം.എസ് കോട്ടേജ്
മോഹൻദാസ് & ഫാമിലി, അനുപമ

# ഒന്നാം വിവാഹ വാർഷികം

**സാവിയോ & ആര്യ**
**പ്രശാന്ത്, മുളമൂട്**



C.S. Offset, Kattakada Ph: 0471-22